
# മരിയൻ വോയ്സ്

marianvoiceponganamkad@gmail.com
www.st-maryschurch.com

Parish Bulletin 2022
February



**സെന്റ് മേരീസ് ചർച്ച്**

പൊങ്ങണംകാട്. ഫോൺ : 0487 – 2695667



# Wedding
30.01.2022

## Rinoy

S/o . Mrs.Rosy Johny &
Mr. Johny A.O .
Arimboor Vazhaparaban House,
P.O. Kurichikkara
Ponganamkadu, Thrissur

## Laya

D/o. Mrs. Shaji Joy &
Mr. Joy Kuthokaran
Kuthokaran House,
P.O. Chevoor, Thrissur



(st. Therasa's Unit)



# മരിയൻ വോയ്സ്

പാരിഷ് ബുള്ളറ്റിൻ

ഫെബ്രുവരി 2022
പുസ്തകം : 13 ലക്കം : 2

St.Marys Church, Ponganamkad
Ph: 0487 2695667
marianvoiceponganamkad@gmail.com
www.st-maryschurch.com

## വിശുദ്ധ കുർബാന സമയങ്ങൾ

**ഞായർ**
6.30 AM, 9.30 AM

**തിങ്കൾ മുതൽ ശനി വരെ**
**എല്ലാ ദിവസവും**
6.30 AM **വി. കുർബാന**



## മരിയൻ വോയ്സ് - പരസ്യ നിരക്കുകൾ

| | | |
|---|---|---|
| Front Inner Page | - | 2250/- |
| Back Inner Page | - | 1750/- |
| Back Outer Page | - | 2500/- |
| Full Page (Colour) | - | 1400/- |
| Half Page (Colour) | - | 800/. |
| Full Page (B/w) | - | 800/- |
| Half Page (B/w) | - | 600/- |
| Quarter Page (B/W) | - | 400/- |

**Page size(Full)-14 cmx21cm**


## ഇതളുകൾ വിടരുമ്പോൾ


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| ഇടയ സന്ദേശം | 4 |
| ഓർമ്മിക്കാൻ, ആചരിക്കാൻ | 6 |
| മറിയത്തോടൊപ്പം ഒരു പുതുവർഷം | 7 |
| നോമ്പ് കാലം | 11 |
| ഗുരുവും ശിഷ്യനും | 12 |
| ദൈവത്തിന്റെ സമ്മാനം (ചെറുകഥ) | 13 |
| അമ്മ (കവിത) | 15 |
| ഇടവക വാർത്തകൾ | 17 |
| സംഘടന വാർത്തകൾ | 21 |
| വിശ്വാസപരിശീലന വാർത്തകൾ | 22 |
| കാറ്റികിസം കോർണർ | 24 |
| കൊച്ചുവർത്തമാനം | 25 |
| ബൈബിൾ ക്വിസ് | 27 |
| ബൈബിൾ കലണ്ടർ | 28 |






## പത്രാധിപ സമിതി


**എഡിറ്റർ :**

റവ. ഫാ. ഫ്രാൻസീസ് വാഴപ്പിള്ളി — Mob : 9846717537

**എക്സി എഡിറ്റേഴ്സ് :**

വില്ലി ചിറ്റിലപ്പിള്ളി — Mob : 9746046049

ജിജോ മഞ്ഞളി — Mob : 9495132037

**അഡ്വർട്ടൈസ്മന്റ് കൺവീനർ**

റിനോയ് ജോണി — Mob : 9846342782

**സെക്രട്ടറി**

ജീസ് എസ്. പനക്കൽ — Mob : 9567690264

**ട്രഷറർ**

ജോണി മാറോക്കി — Mob : 9495225563

**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**

സി. തെരേസ — Ph : 0487 - 2695075

സിൻസൺ ജോൺ — Mob : 8943336888

ഹാപ്പി ആനിക്കൽ — Mob : 9387046502

ആൻജോ ജോളി — Mob : 9895610916

ജോണി മഞ്ഞളി — Mob : 9447224768

ഫെയ്സൺ പുലിക്കോട്ടിൽ — Mob : 9387979899

**കൈക്കാരൻമാർ**

പൗലോസ് വാറോക്കി — Mob : 9447516317

പോൾ സി. റാഫേൽ — Mob : 9495713839

ഫെലിക്സ് കൊച്ചുപ്ലാക്കൽ — Mob : 9645041409

ബിജു തൈക്കാടൻ — Mob : 9544332002

പള്ളി കപ്യാർ (ഷാജു) — Mob : 9544121708






ജിജോ മഞ്ഞളി

പ്രിയപ്പെട്ടവരെ, എല്ലാം അവസാനിച്ചു എന്ന് ചിന്തിച്ച് പുതിയ വർഷം തുടങ്ങിയതാണ് നാമെല്ലാവരും . പക്ഷേ കൊറോണയുടെ വകഭേദങ്ങൾ ലോകത്തെ കീഴ്മേൽ മറിക്കാൻ തുടങ്ങുന്നു. സ്വപ്നങ്ങളുടെ ഗതി മാറുന്നത് നിസ്സഹായതയോടെ കണ്ടു നിൽക്കുന്ന മനുഷ്യ മനസ്സുകളിൽ ഉയർന്നു വരുന്ന ഒരു ചോദ്യമുണ്ട്.. ‘ എന്തുകൊണ്ടിങ്ങനെ?‘

പറഞ്ഞും, പഠിപ്പിച്ചും മനസ്സിലാക്കാത്ത ഒരു ജനതയോട് ദൈവത്തിന് ചെയ്യാൻ കഴിയുന്നതിന്റെ ഏറ്റവും കുറഞ്ഞ തോതാണ് നാം കണ്ടു കൊണ്ടിരിക്കുന്നത്. കൊന്നും, കൊലവിളിച്ചും , തമ്മിൽ തല്ലിയും സ്നേഹത്തിന്റെ താളപിഴകൾ കാട്ടി കൂട്ടുകയും, സകലത്തിന്റെയും അതിനാഥനായ ദൈവത്തെ വിസ്മരിക്കുകയും ചെയ്യുന്ന ജനതകളെ മാനാസന്തര ഫലം പുറപ്പെടുവിക്കാൻ കഠിന ശിക്ഷകളിലൂടെ കടത്തിവിടാൻ അവിടുന്ന് തീരുമാനിച്ചതിൽ അത്ഭുതമുണ്ടോ?

(പിയരെ, നാം നിരാശരാകരുത്. എല്ലാം ഒന്നിന്റെയും അവസാനമല്ല. തുടക്കമാണ്. ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം തടസ്സങ്ങളില്ല, സാധ്യതകളേ ഉള്ളൂ. എല്ലാ പ്രതിബന്ധങ്ങളും മറികടക്കാൻ അവനിലുള്ള വിശ്വാസം ദൃഢമാക്കുക. വചനത്തിൽ ആഴപ്പെടുക. കൂദാശകളെ ജീവിതത്തിന്റെ ഭാഗമാക്കുക. ഇടത്തും വലത്തും വീഴുന്ന പതിനായിരങ്ങളെ നോക്കി നെടുവീർപ്പിടാതെ നമ്മുക്ക് വേണ്ടി മുറിവേറ്റ ക്രിസ്തുവിനെ ഉന്നം വെയ്ക്കുക. പ്രതീക്ഷാനിർഭരരായി ഉണർന്നിരുന്ന് പ്രാർത്ഥിക്കുക.

രക്ഷയുടെ മാലാഖമാർ ഒരിക്കലും നേരം വൈകിയെത്തിയിട്ടില്ല.




# ഈശോയുടെ പീഡാനുഭവവും കുരിശുമരണവും

2022 ഫെബ്രുവരി 27–ാം തിയ്യതി പാതിരാ മുതൽ 50 നൊയമ്പ് ആരംഭിക്കുന്നു. ഈ വലിയ നൊയമ്പ് പുതിയ ആത്മീയ ഉണർവ് തരുവാൻ നമുക്ക് പ്രാർത്ഥിക്കാം. കഴിഞ്ഞ 2 വർഷത്തിൽ പരിമിതമായ നൊയമ്പ് ആചരണമേ നടന്നുള്ളൂ. മൂന്നാം തരംഗം കൊറോണ, ഒമിക്രോൺ മഹമാരിയിൽ ഈശോയെ ഒന്നു കരഞ്ഞു വിളിക്കുവാൻ നമുക്ക് ശ്രമിക്കാം.

ഈശോയുടെ ജീവിതം മുഴുവൻ കുരിശിന്റെ വഴിയിലായിരുന്നു. ഭരണപക്ഷമായ യഹൂദപ്രമാണിമാരായ ഫരിസേയർ, പുരോഹിത ശ്രേഷ്ഠന്മാർ എല്ലാം ഈശോയെ നശിപ്പിച്ചുകളയുവാൻ നിരന്തരം ശ്രമിച്ചു. അതുകൊണ്ടുതന്നെയാണ് മത്താ. 10:38ൽ ഈശോ പറയുന്നത്. 'സ്വന്തം കുരിശെടുത്ത് എന്നെ അനുഗമിക്കാത്തവൻ എനിക്ക് യോഗ്യനല്ല. കുരിശിന്റെ ദു:ഖവെള്ളിയിലൂടെ കടന്നു പോയാൽ മാത്രമേ ഉയിർപ്പിന്റെ ഈസ്റ്റർ ഞായർ കരഗതമാകുകയുള്ളൂ.

മത്താ. 16:21–22ൽ ഈശോ തനിക്ക് സംഭവിക്കാനിരിക്കുന്ന പീഡാസഹനങ്ങളെയും കുരിശുമരണത്തെയും പ്രവചിച്ചപ്പോൾ ലോകമനോഭാവത്തോടെ പത്രോസ് യേശുവിനെ മാറ്റിനിറുത്തിയിട്ട് തടസ്സം പറയാൻ തുടങ്ങി. ദൈവം കനിയട്ടെ നിനക്ക് ഇതൊരിക്കലും സംഭവിക്കാതിരിക്കട്ടെ.

ഈശോ പത്രോസിനോടു പറഞ്ഞു. സാത്താനേ എന്റെ മുമ്പിൽ നിന്നും പോകൂ. നിന്റെ ചിന്ത ദൈവികമല്ല മാനുഷികമാണ്.'

റോമ 6:6–ൽ പറയുന്നതുപോലെ നമ്മുടെ പഴയ മനുഷ്യനെ മാമ്മോദീസയിൽ യേശുവിനോടുകൂടെ ക്രൂശിക്കപ്പെട്ടു. ജ്ഞാനസ്നാനത്തിലൂടെ നാം ഒരു പുതിയ സൃഷ്ടിയായി കുരിശുമരണത്തിലൂടെ ഈശോ നമ്മെ പുതിയ മനുഷ്യരായി വാങ്ങപ്പെട്ടു. കുരിശിലെ അമൂല്യമായ തിരുരക്തത്താൽ വാങ്ങപ്പെട്ടവരാണ് നാം ക്രിസ്തു ശിഷ്യന്മാർ.

അങ്ങനെ വിലക്കു വാങ്ങപ്പെട്ട വി.ഫ്രാൻസീസ് അസ്സീസ്സി കുരിശിലൂടെയാണ് ജീവിച്ചത്. കുരിശ് കാണുന്ന നിമിഷത്തിൽ അദ്ദേഹം ഇങ്ങനെ പ്രാർത്ഥിച്ചു. 'കുരിശിനാലെ ലോകമെല്ലാം വീണ്ടെടുത്തവനെ താണു ഞങ്ങൾ വണങ്ങുന്നു ദിവ്യപാദങ്ങൾ' അൽവേർണിയ മലയിൽ വച്ച് പഞ്ചക്ഷതങ്ങൾ സ്വീകരിച്ചു. കുരിശിൽ നോക്കി നമ്മുടെ നാട്ടിൽ ജനിച്ചു മരിച്ച മറിയം ത്രേസ്യ പ്രാർത്ഥിച്ച് പ്രാർത്ഥിച്ച് പഞ്ചക്ഷതങ്ങൾ സ്വീകരിച്ചു.

നമ്മുടെ ഭാരത അപ്പസ്തോലനായ തോമാശ്ലീഹാ മറ്റു ശിഷ്യന്മാരോട് ധൈര്യമായി പറഞ്ഞു. നമുക്കും അവനോടുകൂടെ പോയി മരിക്കാം. ഈ വിശുദ്ധരുടെ മാതൃക പിൻചെന്ന് നമുക്ക് സ്വയം കുരിശിലേക്ക് നോക്കി പ്രാർത്ഥിക്കാം. കുരിശിലല്ലാതെ കിരീടമില്ല എന്ന് അരുളിചെയ്ത നാഥാ കുരിശ് ഏറ്റുവാങ്ങുവാൻ ശക്തി തരണേ. ഈ ആണ്ടിലെ ഈശോയുടെ പീഡാനുഭവത്തിന്റെയും കുരിശുമരണത്തിന്റെയും ഒടുവിൽ ഈസ്റ്ററിന്റേയും മംഗളങ്ങൾ നേർന്നുകൊള്ളുന്നു.

നിങ്ങളുടെ

**വാഴപ്പിള്ളിയച്ചൻ**



# ഫെബ്രുവരി 2022

## ഓർമ്മിക്കാൻ, ആചരിക്കാൻ

| | | |
|---|---|---|
| 02 ബുധൻ | : | നമ്മുടെ കർത്താവിന്റെ ദൈവാലയ പ്രവേശനം<br>പരിശുദ്ധ കന്യ മറിയത്തിന്റെ ശുദ്ധീകരണ തിരുനാൾ |
| 04 വെള്ളി | : | ഗ്രീക്ക് സഭാപിതാക്കൻമാർ<br>വി ജോൺ ബ്രിട്ടോ |
| 06 ഞായർ | : | ദനഹാ ആറാം ഞായർ |
| 07 തിങ്കൾ | : | മൂന്ന് നോമ്പ് |
| 08 ചൊവ്വ | : | മൂന്ന് നോമ്പ് |
| 09 ബുധൻ | : | മൂന്ന് നോമ്പ് |
| 11 വെള്ളി | : | സുറിയാനി സഭാ പിതാക്കൻമാർ<br>ലൂർദ്ദ് മാതാവ് (രോഗീദിനം) |
| 13 ഞായർ | : | ദനഹാ ഏഴാം ഞായർ |
| 18 വെള്ളി | : | ഇടവക മദ്ധ്യസ്ഥൻ |
| 20 ഞായർ | : | ദനഹാ എട്ടാം ഞായർ |
| 23 ബുധൻ | : | വി.പൊലിക്കാർപ്പ് |
| 25 വെള്ളി | : | സകല മരിച്ചവരുടെയും തിരുനാൾ<br>വാഴ്ത്തപ്പെട്ട സി.റാണി മരിയ |
| 27 ഞായർ | : | നോമ്പ് കാലം ഒന്നാം ഞായർ<br>പാതിരാ മുതൽ നോമ്പ് ആരംഭം<br>ഉയിർപ്പ് വരെ വിവാഹ ആഘോഷം മുടക്കം |
| 28 തിങ്കൾ | : | വിഭൂതി<br>നോമ്പ് ആരംഭം, ഉപവാസദിനം |

**എന്നെ വിളിക്കുക, ഞാൻ മറുപടി നൽകും.
നിന്റെ ബുദ്ധിക്കതീതമായ മഹത്തും നിഗൂഢവുമായ
കാര്യങ്ങൾ ഞാൻ നിനക്കു വെളിപ്പെടുത്തും.
ജറെമിയാ 33:3**



# മറിയത്തോടൊപ്പം ഒരു പുതുവർഷം

**ഫാദർ ലോറൻസ് കുലാസ്**

നാം ഇവിടെ ഒരു യാത്രയിലാണ്. ഈ ജീവിത യാത്രയിലെ ഒരു വർഷം കൂടി അവസാനിക്കുന്നു. പുതിയൊരു വർഷത്തെ നാം വരവേൽക്കുന്നു. നേട്ടങ്ങളെ ആസ്വദിച്ചും കുറവുകളെ നികത്തിയും മുന്നോട്ടു നീങ്ങാൻ ഒരു വർഷം കൂടി... ഓരോ പുതുവർഷവും ആരംഭിക്കുമ്പോഴും നാം പ്രത്യേകമായി ഓർക്കുന്നത് ദൈവമാതാവയ മറിയത്തെയാണ്. കാരണം, ജനുവരി 1–ാം തീയതി ദൈവ മാതൃത്വ തിരുനാൾ കൂടിയാണ്. എങ്കിൽ മറിയത്തോടൊപ്പം ഈ പുതുവർഷത്തിൽ യാത്രചെയ്യാം. അങ്ങനെ ഈ പുതുവത്സരയാത്ര ഫലദായകമാക്കാം. എപ്രകാരമാകണം മറിയത്തോടൊപ്പമുള്ള നമ്മുടെ യാത്ര? യാത്ര എന്ന പദത്തിൽ തന്നെ ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്താനാകും. യാത്ര എന്ന പദത്തിന് ഇംഗ്ലീഷിൽ TRAVEL എന്നാണല്ലോ നാം പറയുന്നത്. ഈ വാക്കിലെ ഓരോ അക്ഷരങ്ങളും മറിയത്തോടൊപ്പമുള്ള നമ്മുടെ യാത്ര എപ്രകാരമാണെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു.

T: TRAVEL എന്ന വാക്കിന്റെ T എന്ന ആദ്യ അക്ഷരം Trust വിശ്വാസം എന്ന വാക്കിന്റെ സംഗ്രഹമായി വിശേഷിപ്പിക്കാം. ദൈവത്തിലുള്ള വിശ്വാസമാണ് ജീവിതയാത്രയിൽ ഏറെ ആവശ്യം. ദൈവത്തിൽ വിശ്വസിച്ചുകൊണ്ട് പുതുവത്സര യാത്ര തുടരാം. മറിയം ഇപ്രകാരമുള്ള യാത്രയിൽ മാതൃകയാണ്. മറിയത്തിന്റെ ജീവിതത്തിൽ ദൈവത്തിലുള്ള വിശ്വാസം ആഴത്തിൽ പ്രകടമായിരുന്നു. 'കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി' (ലൂക്കാ 1:45) എന്ന് എലിസബത്ത് മറിയത്തെ പ്രകീർത്തിക്കുന്നു. മറിയം പ്രകടമാക്കിയ ആഴമായ ദൈവവിശ്വാസം അവളിൽ വചനം മാംസം ധരിക്കുവാൻ ഇടയാക്കി. ദൈവത്തിലുള്ള വിശ്വാസം യേശുവിലെ ദൈവപുത്രനെ മറിയത്തിന് അനുഭവവേദ്യമാക്കി. ഉളിയും കൊട്ടുവടിയും താഴെവച്ച് തന്നെ തനിച്ചാക്കി യേശു പരസ്യജീവിത്തിനിറങ്ങിയപ്പോഴും കാൽവരിയിൽ കുരിശിൻ ചുവട്ടിൽ നിന്നപ്പോഴും മറിയം ദൈവത്തിലുള്ള വിശ്വാസം ഉപേക്ഷിച്ചില്ല.

R: Travel എന്ന വാക്കിലെ രണ്ടാമത്തെ അക്ഷരമായ R എന്നതിനെ Respect ബഹുമാനം എന്ന് വിശേഷിപ്പിക്കാം. മറിയത്തിൽ പ്രകടമായത് ദൈവവചനത്തോടുള്ള ബഹുമാനമാണ്. 'മറിയം പറഞ്ഞു: ഇതാ കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ!' (ലൂക്കാ 1:38). വചനത്തോടുള്ള ബഹുമാനം നമ്മെക്കൊണ്ടെത്തിക്കുന്നത് ബഹുമാനത്തിന്റെ രണ്ട് തലങ്ങളിലേക്കാണ്. ഒന്നാമതായി, പ്രകൃതിയോടുള്ള ബഹുമാനം. വചനത്തോടുള്ള ബഹുമാനം പ്രകൃതിയെ ബഹുമാനിക്കാൻ നമ്മെ ക്ഷണിക്കുന്നു. കാരണം വചനമാണ് പ്രപഞ്ചത്തെ സൃഷ്ടിച്ചത്: ' ദൈവം അരുളിച്ചെയ്തു: വെളിച്ചം ഉണ്ടാകട്ടെ... ജലമധ്യത്തിൽ ഒരു വിതാനം ഉണ്ടാകട്ടെ... കര പ്രത്യക്ഷപ്പെടട്ടെ... ഭൂമി എല്ലാത്തരം ഹരിത സസ്യങ്ങളും ധാന്യച്ചെടികളും വിത്തുകളുൾക്കൊള്ളുന്ന ഫലങ്ങൾ കായ്ക്കുന്ന വൃക്ഷങ്ങളും മുളപ്പിക്കട്ടെ... രാവും പകലും വേർതിരിക്കാൻ ആകാശവിതാനത്തിൽ പ്രകാശങ്ങൾ ഉണ്ടാകട്ടെ... വെള്ളം ജീവജാലങ്ങളെ പുറപ്പെടുവിക്കട്ടെ... ഭൂമി എല്ലാത്തരം ജീവജാലങ്ങളെയും പുറപ്പെടുവിക്കട്ടെ...' (ഉത്പ 1:3-25). പ്രപഞ്ചത്തിന്റെ സൗന്ദര്യം ദൈവത്തിന്റെ പ്രതിബിംബനമായതിനാൽ പ്രപഞ്ചത്തെ ദർശിക്കുന്നതിലൂടെ നാം ദൈവത്തെ അനുഭവിക്കുന്നു. രണ്ടാമതായി വചനത്തോടുള്ള ബഹുമാനം മനുഷ്യരെ ബഹുമാനിക്കാൻ നമ്മെ ക്ഷണിക്കുന്നു. വചനമാണ് മനുഷ്യരെയും സൃഷ്ടിച്ചത്. ദൈവം വീണ്ടും അരുളിച്ചെയ്തു: നമുക്ക് നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം (ഉത്പ 1::26). ദൈവം സൃഷ്ടിച്ച മനുഷ്യൻ ദൈവത്തിന്റെ ഛായയും സാദൃശ്യവുമായതിനാൽ മനുഷ്യൻ ബഹുമാനിക്കപ്പെടണം.

'A': 'Travel' എന്ന പദത്തിലെ 'A' എന്ന മൂന്നാമത്തെ അക്ഷരത്തെ 'Affection' സ്നേഹബന്ധം എന്ന് വിപുലീകരിക്കാം. മറിയത്തിൽ പ്രകടമായ സ്നേഹബന്ധത്തിന് ഉദാരണങ്ങൾ ലഭ്യമാണ്. ഒന്ന്, ' മറിയം അവളോടുകൂടെ (എലിബസബത്തിനോടുകൂടെ) മൂന്ന് മാസത്തോളം താമസിച്ചു' (ലൂക്കാ 1:56). എലിസബത്തിനെ ശുശ്രൂഷിക്കുന്നതിലൂടെ മറിയം സ്നേഹബന്ധം പ്രകടമാക്കുന്നു. രണ്ട്, ' അവിടെ [കാനായിലെ വിവാഹവിരുന്നിൽ] വീഞ്ഞ് തീർന്നു പോയപ്പോൾ യേശുവിന്റെ അമ്മ അവനോട് [യേശുവിനോട്] പറഞ്ഞു: അവർക്ക് വീഞ്ഞില്ല' (യോഹ 2:3). പ്രതിസന്ധിഘട്ടത്തിൽ സഹായഹസ്തം അഭ്യർത്ഥിക്കുന്ന മറിയം വിവാഹച്ചടങ്ങ് സംഘടിപ്പിച്ച കുടുംബത്തോടുള്ള സ്നേഹബന്ധം പ്രകടമാക്കുന്നു. മൂന്ന്, 'യേശുവിന്റെ കുരിശിനരികെ അവന്റെ അമ്മയും... നിൽക്കുന്നുണ്ടായിരുന്നു' (യോഹ 19:25). ചേതനയറ്റ മകന്റെ ശരീരത്തിനരികെ നിലയുറപ്പിച്ച മറിയത്തിന്റെ ചേതോവികാരം വേദനിക്കുന്നവരോടുള്ള മറിയത്തിന്റെ സ്നേഹബന്ധമല്ലാതെ മറ്റെന്താണ്.

'V' : 'Travel' എന്ന വാക്കിലെ 'v' എന്ന അക്ഷരം 'Vulnerability' അഥവാ 'being vulnerable' 'വികാരങ്ങളെ വ്രണപ്പെടുത്തുന്ന' എന്ന ആശയ പ്രകാശനത്തെ സൂചിപ്പിക്കുന്നുവെന്ന് മനസ്സിലാക്കാം. മറിയത്തിന്റെ വികാര ത്തെ വ്രണപ്പെടുത്തുന്ന ധാരാളം ഉദാഹരണങ്ങൾ കണ്ടെത്താനാകും. ഒന്ന്, പുരുഷനെ അറിയാതെ ഗർഭം ധരിക്കുക: 'മറിയം ദൂതനോടു പറഞ്ഞു: ഇതെങ്ങനെ സംഭവിക്കും? ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ' (ലൂക്കാ 1:34). പുരുഷനെ അറിയാതെ ഗർഭം ധരിക്കുക എന്നത് മറിയത്തിന്റെ വികാരത്തെ വ്രണപ്പെടുത്തുന്ന അനുഭവമാണ്. രണ്ട്, ഭർത്താവിന്റെ മുമ്പിൽ വച്ച് കുഞ്ഞിനെ പ്രസവിക്കുക: 'ജോസഫ്... ബേത്‌ലെഹിമിലേക്ക് ഗർഭി ണിയായ ഭാര്യ മറിയത്തോടുകൂടെ പോയി. അവിടെയായിരിക്കുമ്പോൾ അവൾക്കു പ്രസവസമയമടുത്തു. അവൾ തന്റെ കടിഞ്ഞൂൽപുത്രനെ പ്രസ വിച്ചു' (ലൂക്കാ 2:6). ഭർത്താവിന്റെ മുമ്പിൽ വച്ച് കുഞ്ഞിനെ പ്രസവിക്കേണ്ടി വന്നത് മറിയത്തിന്റെ വികാരത്തെ വ്രണപ്പെടുത്തുന്ന സ്വാനുഭവമായി മാറുന്നു. മൂന്ന്, കുഞ്ഞിന് ജന്മം നല്കി കുറച്ചുനാളുകൾക്കകം തന്നെ മറ്റൊ രുനാട്ടിലേയ്ക്കുള്ള പലായനം: 'കർത്താവിന്റെ ദൂതൻ സ്വപ്നത്തിൽ പ്രത്യ ക്ഷപ്പെട്ടു ജോസഫിനോടു പറഞ്ഞു: എഴുന്നേറ്റ് ശിശുവിനെയും അമ്മ യെയും കൂട്ടി ഈജിപ്തിലേക്കു പലായനം ചെയ്യുക... അവൻ ഉണർന്ന് ശിശുവിനെയും അമ്മയെയും കൂട്ടി ആ രാത്രി തന്നെ ഈജിപ്തിലേക്കു പോയി' (മത്താ 2:13-14). പ്രസവം കഴിഞ്ഞയുടൻ പിഞ്ചുകുഞ്ഞിനെയും വഹിച്ച് അന്യദേശത്തേയ്ക്കുള്ള പലായനം മറിയത്തിന്റെ വികാരത്തെ വ്രണപ്പെടുത്തുന്ന മറ്റൊരു സ്പഷ്ടമായ പ്രകടനമാണ്.


'E' 'Travel' എന്ന വാക്കിലെ 'E' എന്ന അഞ്ചാമത്തെ അക്ഷരം "expressive"- 'വികാരം പ്രകടമാക്കാനുള്ള കഴിവ്' എന്ന് വിശേഷിപ്പിക്കാം. മറിയം വികാരം പ്രകടമാക്കിയ വ്യക്തിയാണ്. മറിയത്തിന്റെ സ്തോത്രഗീതം (ലൂക്കാ 1:46-55) ഇതിന് ഉത്തമ ഉദാഹരണമാണ്. എളിയ ദാസിയായ തന്നെ ദൈവപുത്രന്റെ അമ്മയായി ഉയർത്തിയതിൽ മതിമറന്ന് മറിയം ഗീതം ആല പിക്കുന്നു: 'എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു' (ലൂക്കാ 1:46-47) എന്ന് തുടങ്ങി മറിയം തന്റെ വികാരം പ്രകടമാക്കുന്നു. ദൈവം എളിയ ദാസി യുടെ താഴ്മയെ കടാക്ഷിച്ചുവെന്നും, കരുണവർഷിക്കുമെന്നും, ശക്തി പ്രക ടിപ്പിച്ചുവെന്നും, അഹങ്കരിക്കുന്നവരെ ചിതറിക്കുമെന്നും, ശക്തരെ താഴെയി റക്കുമെന്നും, എളിയവരെ ഉയർത്തുമെന്നും, വിശക്കുന്നവരെ സംതൃപ്തരാ ക്കുമെന്നും, സമ്പന്നരെ വെറുംകൈയോടെ പറഞ്ഞയ്ക്കുമെന്നും മറിയം' 'expressive' ആകുന്നു.

'L': 'Travel' എന്ന പദത്തിലെ 'L' എന്ന അവസാന അക്ഷരത്തെ- 'Lighten' ഭാരം കുറയ്ക്കുക എന്ന് വർണ്ണിക്കാം. മറിയത്തിന്റെ ജീവിതം 'ഭാരം കുറഞ്ഞതാ'യിരുന്നു: ഒരു സാധാരണ ഗ്രാമീണ കുടുംബിനി; എളിമയും ദാരിദ്രവും സാധാരണത്വവും കൈമുതലാക്കിയ കുടുംബത്തിലെ അംഗം. ശിശുവായ യേശുവിനെ ദേവാലയത്തിൽ സമർപ്പിച്ചപ്പോൾ ഒരു സാധാരണ കുടുംബം ചെയ്യുന്നതുപോലെ ' ഒരു ജോടി ചെങ്ങാലികളെയോ രണ്ട് പ്രാവിൻ കുഞ്ഞുങ്ങളെയോ അർപ്പിച്ചു' (ലൂക്കാ 2:24) എന്നു വേണം നാം അനുമാനിക്കാൻ. മരപ്പണിയെന്ന വിശിഷ്ടമല്ലാത്ത ഒരു ജോലിയായിരുന്നു ജോസഫും യേശുവും ചെയ്തിരുന്നത് (മത്താ 13:55; മർക്കോ 6:3). ദരിദ്രമായ കുടുംബപശ്ചാത്തലമാകണം യേശുവിനെ ഇപ്രകാരം പഠിപ്പിക്കാൻ പ്രേരിപ്പിച്ചത്: യാത്രയ്ക്കു വടിയോ സഞ്ചിയോ അപ്പമോ പണമോ ഒന്നും എടുക്കരുത്. രണ്ട് ഉടുപ്പും ഉണ്ടായിരിക്കരുത്' (ലൂക്കാ 9:3)

ഭാരമില്ലാതെ യാത്ര ചെയ്ത മറിയം പുതുവർഷയാത്രയിൽ നമുക്കും മാതൃകയാണ്. മറിയത്തെപ്പോലെ നമുക്കും 'കുറഞ്ഞ ഭാരവുമായി' യാത്ര ചെയ്യാം. യാത്ര സുഖകരമാകുന്നത് യാത്ര ഭാണ്ഡം കുറവായിരിക്കുമ്പോഴാണല്ലോ: "Less luggage more comfort." എങ്ങും സ്വത്തും ആസ്തിയും കൂട്ടാനുള്ള ശ്രമങ്ങളാണ് പതിവായി അരങ്ങേറുന്നത്. ഒരു ജെർമ്മൻ സുഭാഷിതമിങ്ങനെയാണ്: "The last shirt you wear has no pockets." എത്ര നേടിയാലും മരണനേരത്ത് അവയൊന്നും കൂടെ ഉണ്ടാകില്ല എന്ന ഓർമ്മപ്പെടുത്തലാണിത്. മറിയത്തിനോടൊപ്പമുള്ള പുതുവത്സരയാത്ര ഭാരം കുറഞ്ഞതാകട്ടെ!

ദൈവത്തിൽ വിശ്വസിച്ചും പ്രകൃതിയേയും മനുഷ്യനെയും ആദരിച്ചും അഗതികളുമായി സ്നേഹബന്ധം പുലർത്തിയും സ്വവികാരങ്ങളെ മുറിപ്പെടുത്തിയും പരമമായ വികാരങ്ങളെ പ്രകടമാക്കിയും കുറച്ച് ഭാരം വഹിച്ചും മറിയത്തോടപ്പമുള്ള യാത്ര സുഖകരമാക്കാം.

സമ്പാദകൻ : **വില്ലി ചിറ്റിലപ്പിള്ളി**



# നോമ്പ് കാലം



ഫെയ്സൺ
പുലിക്കോട്ടിൽ

ഈശോയുടെ നാല്പത് ദിവസത്തെ ഉപവാസമാണ് വലിയ നോമ്പാചരണത്തിന്റെ അടിസ്ഥാനം. ഉപവാസവും പ്രാർത്ഥനയും കൊണ്ട് സാത്താനെ പുറത്താക്കാനും പ്രലോഭനങ്ങളെ അതിജീവിക്കാനും കഴിയുമെന്ന ഉറപ്പാണ് നോമ്പുകാലം നമുക്ക് നൽകുന്നത്.

ദ്രവ്യാസക്തി പാപകാരണമാകുന്നുവെന്നും ദൈവദാനമായ സമ്പത്ത് ശരിയായി വിനിയോഗിക്കണമെന്നും നമുക്കുള്ളവ മറ്റുള്ളവരുമായി പങ്കുവെക്കണമെന്നും അങ്ങിനെ മാനസാന്തരത്തിലൂടെ രക്ഷയുടെ അനുഭവം സ്വന്തമാക്കണമെന്നും ഈ കാലം നമ്മെ പഠിപ്പിക്കുന്നു. സർവ്വവും ഉപേക്ഷിച്ച് ഈശോയെ അനുഗമിച്ച ശ്ലീഹൻമാരെപ്പോലെ ദൈവത്തെ സമ്പത്തായി സ്വീകരിക്കുന്നവനാണ് യഥാർത്ഥ ശിഷ്യൻ എന്ന ഉൾക്കാഴ്ചയും ഈ കാലം നമുക്ക് നൽകുന്നുണ്ട്.

മാനസാന്തരം, ധർമദാനം, പ്രാർത്ഥന, ഉപവാസം എന്നിവയിലൂടെ ആർജിച്ചെടുക്കേണ്ട വിശുദ്ധി നോമ്പുകാലത്തെ പ്രഘോഷണ വിഷയമാണ്. ശരീരത്തിന്റെ വിശുദ്ധി പ്രധാനമാണ്. അതിലുപരിയാണ് ഹൃദയവിശുദ്ധിയെന്ന് ഈ കാലം നമ്മെ പഠിപ്പിക്കുന്നു.

പാപം ഏറ്റുപറയുമ്പോഴാണ് രക്ഷ കരഗതമാകുന്നത്. പാപത്തിന്റെ ചെളിപുരണ്ട പുറങ്കുപ്പായം ഊരി ദൂരെയെറിയുന്നവർക്ക് മാത്രമെ മിശിഹായെ അനുഗമിക്കാനാവൂ. നമ്മുടെ വിശുദ്ധീകരണമാണ് ദൈവഹിതമെന്ന് വ്യക്തമാകുന്നതോടൊപ്പം ഈശോ മിശിഹായുടെ ശരീരത്തിന്റെ ഏകസമർപ്പണത്താലാണ് നമ്മുടെ വിശുദ്ധീകരണം സാധ്യമാകുന്നതെന്ന് സഭ ഉത്ബോധിപ്പിക്കുന്നു.

ഇച്ഛിക്കാത്ത തിൻമ ചെയ്യാൻ ശരീരം നമ്മെ പ്രലോഭിപ്പിക്കുമ്പോൾ പാപം ചെയ്യാതെ ജീവിക്കുന്നു എന്നത് വലിയ സഹനമാണ്. പുണ്യപൂർണ്ണതയ്ക്കു വേണ്ടിയുള്ള ഈ സഹനമാണ് നോമ്പുകാലം നമ്മെ ആവശ്യപ്പെടുന്നത്. നമുക്ക് ഉണ്ടാകുന്ന സഹനങ്ങളും നാം ഏറ്റെടുക്കുന്ന ത്യാഗങ്ങളും വിശ്വാസ വളർച്ചയ്ക്കും മിശിഹായോട് ഐക്യപ്പെടുന്നതിനും സഹായകമാകണം. മിശിഹായുടെ സഹനത്തോട് വിശ്വാസപൂർവ്വം ചേർന്ന് നിൽക്കുമ്പോഴാണ് ഉത്ഥാനനുഭവത്തിലേക്ക് പ്രവേശിക്കാൻ സാധിക്കുന്നതെന്ന് സഭ ഉദ്ബോധിപ്പിക്കുന്നു.

# ഗുരുവും ശിഷ്യനും

ഒരിക്കൽ ഒരു ശിഷ്യൻ ഗുരുവിനോട് ചോദിച്ചു. എന്താണ് ജീവിത വിജയം?

മറുപടിയെന്നോണം ഗുരു ശിഷ്യനുമൊത്ത് പട്ടം പറപ്പിച്ച് കൊണ്ടിരുന്ന ഒരിടത്തേയ്ക്ക് പോയി. ഒരു പട്ടമെടുത്ത് പറപ്പിക്കുവാൻ തുടങ്ങി. ഒരക്ഷരം പോലും ഉരിയാടാതെ ഗുരു പട്ടം പറപ്പിച്ച് കൊണ്ടിരുന്നു.

ക്ഷമ കെട്ട് ശിഷ്യൻ ചോദിച്ചു. "പട്ടത്തിന് ഉയരങ്ങളിലേക്ക് പറക്കുവാൻ നൂല് ഒരു തടസ്സമല്ലേ? അത് മുറിച്ച് വിട്ടാൽ പട്ടത്തിന് ഉയരങ്ങൾ കീഴടക്കുവാൻ സാധിക്കില്ലേ?'

ഇത് കേട്ടപ്പോൾ ഗുരു പട്ടത്തിന്റെ നൂല് പൊട്ടിച്ച് വിട്ടു. ഫലമോ? പട്ടം അല്പം ഉയർന്ന് പൊങ്ങിയ ശേഷം ആടിയാടി വിദൂരതയിൽ പോയി വീണ് തകർന്നു.

ഇത്രയും കഴിഞ്ഞപ്പോൾ ഗുരു പറഞ്ഞു. ' ഉയർന്ന് പൊങ്ങുമ്പോൾ ചില ബന്ധങ്ങൾ കൂടുതൽ ഉയരത്തിലെത്തുന്നതിൽ നിന്ന് തടസ്സപ്പെടുത്തുന്നതായി തോന്നും. വീട്, കുടുംബം, അച്ചൻ, അമ്മ തുടങ്ങി ചില ബന്ധങ്ങൾ. ഇതിൽ നിന്ന് സ്വതന്ത്രരാകുവാൻ ഒരു പക്ഷേ നാം ആഗ്രഹിച്ചേക്കാം. എന്നാൽ ഈ ബന്ധങ്ങളാണ് ഉയരങ്ങളിൽ നിന്ന് ജീവിതം ആസ്വദിക്കുവാൻ നമ്മെ സഹായിക്കുന്നത് എന്ന് അപ്പോഴറിയില്ല. ഈ ബന്ധങ്ങൾ മുറിച്ചിട്ടാൽ പെട്ടെന്ന് ഒരു ഉയർച്ചയുണ്ടാകാമെങ്കിലും പിന്നീട് പട്ടത്തിന്റെ ഗതി തന്നെയായിരിക്കും സംഭവിക്കുക.'

ചുരുക്കത്തിൽ ഉയരങ്ങൾ നിലനിർത്തുമ്പോൾ പട്ടത്തിനും നൂലിനും ഇടയിലുള്ള സമതുലിതാവസ്ഥയാണ് ജീവിത വിജയമായി തീരുന്നത്.

***സമ്പാദകൻ: വില്ലി ചിറ്റിലപ്പിള്ളി***

# സ്നേഹസ്മരണയ്ക്ക്



**12-ാം ചരമവാർഷികം**
**15-02-2022**

**5-ാം ചരമവാർഷികം**
**27-10-2022**





**വാഴപ്പിള്ളി ദേവസ്സി മകൻ**
## ദേവസ്സി

**വാഴപ്പിള്ളി ദേവസ്സി ഭാര്യ**
## ത്രേസ്യ

സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്
പൊങ്ങണംകാട്

---

"നിങ്ങളുടെ അനുദിന പ്രാർത്ഥനകളിൽ
ഞങ്ങളേയും ഓർക്കണമെ"


തിരുനാൾ
കാഴ്ചകളിലൂടെ...

ചെറുകഥ

# ദൈവത്തിന്റെ സമ്മാനം



**പ്രീതി പായിക്കാട്**
സെ. റാഫേൽ യൂണിറ്റ്
പൂളാക്കൽ

ഒരായിരം സ്വപ്നങ്ങളെ മനസ്സിൽ താലോലിച്ചുകൊണ്ട് ജീവിതം തുടങ്ങിയവളായിരുന്നു അലീന. വീട്ടുകാരുടെ ഓമനമകൾ. പഠനത്തിലും പ്രാർത്ഥനയിലും മിടുക്കി. വളരെ നല്ല രീതിയിൽ തന്നെ അവൾ തന്റെ ബാല്യകാലവും കൗമാരവും ആസ്വദിച്ചു. ജീവിതത്തെ അവൾ വളരെയധികം ഇഷ്ടപ്പെട്ടിരുന്നു. ഒരു അധ്യാപികയാകുക എന്നതായിരുന്നു അവളുടെ ആഗ്രഹം. അതുകൊണ്ട് തന്നെ ഡിഗ്രിക്ക് ശേഷം അവൾ B. Edന് ചേർന്നു. പഠനത്തിനിടയിലാണ് അവളുടെ അമ്മായി വഴി ഒരു കല്യാണാലോചന വന്നത്. നല്ല പയ്യൻ, നല്ല വീട്ടുകാർ രണ്ടു കൂട്ടർക്കും പരസ്പരം ഇഷ്ടപ്പെട്ടു. അധികം താമസിക്കാതെ തന്നെ ആ വിവാഹവും നടന്നു.

ആഗ്രഹിച്ച രീതിയിലുള്ള പഠനം, നല്ലൊരു വിവാഹജീവിതം എല്ലാംകൊണ്ടും അലീന വളരെ സന്തോഷവതിയായിരുന്നു. പക്ഷേ വിവാഹത്തിനു ശേഷം മൂന്നു മാസങ്ങൾക്കപ്പുറം സ്ഥിതി ആകെ മാറി മറയുകയായിരുന്നു. തുടർച്ചയായുള്ള ബ്ലീഡിങ്ങും ക്ഷീണവും അവളുടെ ശരീരം എന്തോ അവളുടെ മനസ്സിനൊപ്പം പൊരുത്തപ്പെട്ട് പോകുന്നില്ലായിരുന്നു. ഒട്ടനവധി ടെസ്റ്റുകൾക്കും, ചെക്കപ്പുകൾക്കുശേഷം ആ റിസൾട്ട് വന്നു.

ഒരു പക്ഷേ ലോകത്തിനു മുൻപിൽ അത് വളരെ വേദനാജനകമായ ഒരു പെൺകുട്ടിയുടെ വിധി ആയിരിക്കാം. പക്ഷെ ഇന്ന്, അലീനയുടെ ഭാഷയിൽ അത് ദൈവം അവൾക്ക് കൊടുത്ത സമ്മാനമായിരുന്നു. ആ സമ്മാനം മറ്റൊന്നുമല്ല, Uterus Cancer. തന്റെ ബന്ധുക്കളുടെയും കൂട്ടു

കാരുടെയും പോലെ അലീന ആദ്യമൊന്ന് ആ രോഗത്തിന് മുൻപിൽ പകച്ചു പോയെങ്കിലും പിന്നീടുള്ള അവളുടെ ജീവിതം ഒരു വിസ്മയമായിരുന്നു.

അലീന ആ രോഗത്തോടൊപ്പം ഇണങ്ങി ജീവിക്കാൻ തുടങ്ങിയപ്പോഴേക്കും പലതും അവൾക്ക് തന്റെ ജീവിതത്തിൽ നിന്ന് നഷ്ടപ്പെട്ടു. മറ്റുള്ളവർ വാനോളം പുകഴ്ത്തിയിരുന്ന അവളുടെ മുടി, ശരീരഭംഗി അങ്ങനെ പലതും....

പക്ഷേ അതിനേക്കാൾ ഒക്കെ ഉപരി അവളെ അത്ഭുതപ്പെടുത്തിയത് "ഇന്നുമുതൽ മരണം വരെ സുഖത്തിലും, ദു:ഖത്തിലും ഒപ്പമുണ്ടാകുമെന്ന് വാക്കുകൊടുത്ത പ്രിയതമൻ അവളെ പാതിവഴിയിൽ ഉപേക്ഷിച്ചുപോയതായിരുന്നു. എങ്കിൽ പോലും അവൾ തളർന്നില്ല. ചെറുപ്പം മുതൽ മുറുകെ പിടിച്ച ജപമാല അവളുടെ മനസ്സിനെ തളർത്തിയില്ല. ഒരു ഫിനിക്സ് പക്ഷിയെപ്പോലെ അവൾ തന്റെ ജീവിതാവസ്ഥയാകുന്ന ചാരത്തിൽ നിന്നും പറന്നുയരുകയായിരുന്നു. ഒരിക്കൽപോലും അവൾ അവളുടെ അസുഖത്തെ ഓർത്ത് ദൈവത്തെ കുറ്റപ്പെടുത്തിയിട്ടില്ല. ദൈവം അവൾക്ക് നൽകിയ ആ സഹനത്തെ അവൾ സന്തോഷത്തോടെ സ്വീകരിച്ചു. ദൈവം തനിക്ക് നൽകിയ ഈ ജീവിതം മറ്റുള്ളവർക്ക് ഒരു വെളിച്ചമാകണം, ഒരു പ്രചോദനമാകണമെന്ന് അവൾ ആഗ്രഹിച്ചു. തന്റെ ജീവിതാനുഭവങ്ങളെ നന്മകളാകുന്ന അനുഭവങ്ങളാക്കി മറ്റുള്ളവർക്കു മുൻപിൽ അവതരിപ്പിക്കുകയാണവളിപ്പോൾ. അതെ ഒരു 'Motivational speaker' ആയി അതിനേക്കാൾ ഉപരി ഒരു നല്ല അധ്യാപികയായി അനേകം ജീവിതങ്ങൾക്ക് വെളിച്ചം പകരുന്ന, ഒരു പ്രകാശം പരത്തുന്ന പെൺകുട്ടിയായി അവൾ ഇന്നും ജീവിക്കുന്നു. തന്റെ ആത്മധൈര്യംകൊണ്ടും, പ്രാർത്ഥനകൊണ്ടും അവൾ ഇന്ന് ആ രോഗത്തെ കീഴടക്കിയിരിക്കുന്നു. യുദ്ധത്തിൽ ജയിച്ച ഒരു യോദ്ധാവിനെപോലെ അവൾ ജീവിക്കുന്നു.



## 40th wedding anniversary

**21-2-22**



# C.T Francis & Omana Francis

Chirakkal House, Ponganamkadu

*With Best Complements from:*

St. Peter unit

Dania Davis & Daniel Davis



# 40-ാം ചരമദിന ആചരണം
















# സ്നേഹസ്മരണക്ക്



## പറത്തോട്ട് വർക്കി മകൻ
# ജോസ്

ജനനം : 02–09–1959    മരണം : 07–12–2021



**അട്ടപ്പാടി സെഹിയോൻ**
**ധ്യാനകേന്ദ്രത്തിൽ**
**രണ്ടാം വെള്ളിയാഴ്ചകളിലുള്ള**
**ഏകദിന ശുശ്രൂഷയിൽ**
**പങ്കെടുക്കാം.**
**പുലർച്ചെ 5ന് പുറപ്പെട്ട്**
**രാത്രി 8ന് തിരിച്ചെത്തുന്നു.**

**ബന്ധപ്പെടുക.**

**പോളി – 7736754106**

## 3-ാം ചരമവാർഷികം
(15–02–2022)



**ചൂണ്ടൽ ഔസേപ്പ് ഭാര്യ**

# ബേബി

**ജനനം : 01–11–1951**
**മരണം : 15–02–2019**

**സെന്റ് അഗസ്റ്റിൻ യൂണിറ്റ്, നെല്ലിക്കാട്**

ഞാൻ നിങ്ങളിൽ നിന്ന് അകന്ന് പോയിയെങ്കിലും എന്റെ സ്നേഹം
എന്നും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും.
നിങ്ങളുടെ പ്രാർത്ഥനയിൽ എന്നേയും ഓർക്കണമേ.

കവിത

# അമ്മ





**ലിൻസി ജോസ്**
ആട്ടോക്കാരൻ
സെന്റ് സേവ്യർ യൂണിറ്റ്

കണ്ണുനീർ തൂകി തൻ മക്കൾക്കായ് പ്രാർത്ഥിക്കും
അമ്മയെ മറക്കല്ലൊരുനാളും മക്കളെ
മക്കളെ മാറോടു ചേർത്തീടും നേരം
മാനസം നൽകണമമ്മയ്ക്കു സ്വന്തമായ്

ജീവിതയാത്രയിലേറുന്ന വേദന
താഴെയിറക്കുവാനത്താണിയാണമ്മ
അമ്മേ നിൻ കാപ്പയാൽ ചുറ്റിപിടിക്കുവാൻ
എൻ പാപഭാരങ്ങൾ വിഘ്നങ്ങളാകുന്നു.

ചൊല്ലിടേണം നിൻ സുതനോടു താഴ്മയായ്
പാപിയാം മെന്നിലെ പാപങ്ങൾ പോകുവാൻ
തളരാതിരിക്കുവാൻ അകലാതിരിക്കുവാൻ
നിൻസുതനോടുയെന്നെ നീ ചേർത്തിടേണെ.

കുരിശിൻ ചുവട്ടിലെ അന്ത്യനേരത്തു നീ
ദൈവഹിതത്തിനു വിധേയയായമ്മേ...
അന്ത്യമാം നാളിൽ നിൻ ചാരത്തണയുമ്പോൾ
കനിവേകണേ നിൻ സ്നേഹസ്പർശം

# മൃതസംസ്കാരത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

❖ ഇടവകയിലെ ഒരു വ്യക്തി മരണപ്പെട്ടാൽ ഉടനെ ആ കാര്യം വികാരിയച്ചനെ അറിയിക്കണം. കുടുംബ ഡയറി നിർബന്ധമായും കൊണ്ടുവരണം.

❖ പള്ളിയുടെയും വൈദികന്റെയും കുടുംബത്തിന്റെയും സൗകര്യമനുസരിച്ച് സമയം തീരുമാനിക്കണം.

❖ മരണവിവരവും മൃതസംസ്കാര സമയവും നടത്തുകൈക്കാരനെയും കപ്യാരെയും അറിയിക്കണം.

❖ മൃതദേഹവും കുരിശുകളും വയ്ക്കുവാനുള്ള സ്റ്റീൽ മേശ ആവശ്യമെങ്കിൽ പള്ളിയിൽ നിന്നും ലഭിക്കുന്നതാണ്.

❖ മൃതദേഹത്തിന്റെ തലഭാഗത്ത് വയ്ക്കാനുള്ള ശ്ലീവാകുരിശ് പള്ളിയിൽ നിന്ന് വാങ്ങി കൊണ്ട് പോകണം. പള്ളിയുടെ മുൻവശത്ത് കറുത്ത കൊടി കെട്ടണം.

❖ മൃതസംസ്കാരത്തിന് ഒരു മണിക്കൂർ മുമ്പ് മാത്രമേ സ്വർണ്ണകുരിശ്, വെള്ളിക്കുരിശ്, കുടകൾ എന്നിവ ലഭിക്കുകയുള്ളൂ.

❖ മൃതസംസ്കാരം നടത്താനുള്ള കല്ലറ (സ്ഥിരം കല്ലറയാണെങ്കിലും സാധാരണ കല്ലറയാണെങ്കിലും) കപ്യാരുമായി ബന്ധപ്പെട്ട് തീരുമാനിക്കണം.

❖ കല്ലറ വൃത്തിയാക്കാനും മറ്റുമുള്ള സാമഗ്രികൾ കൈക്കാരൻമാരിൽ നിന്നും ലഭിക്കും. മൃതസംസ്കാരത്തിന് ശേഷം എല്ലാം തിരിച്ചേൽപിക്കണം.

❖ ഓർമ്മകുർബാനയുടെയും വീട്ടന്നീദയുടെയും സമയവും തീയ്യതിയും മൃതസംസ്കാരത്തിന് മുമ്പ് തന്നെ വികാരിയച്ചനോട് ചോദിച്ചു തീരുമാനിക്കണം.

❖ മൃതദേഹം വഹിക്കേണ്ടതും  പള്ളിയിലും വീട്ടിലും വാഹനത്തിലും വയ്ക്കേണ്ടതും കാൽ ഭാഗം ആദ്യം വരുന്ന രീതിയിലാണ്.

❖ ഒരു വ്യക്തി പള്ളിയിലേയ്ക്ക് നടന്നുവരുന്ന രീതിയിൽ പാദങ്ങൾ മുന്നിൽ വരത്തക്ക വിധം വയ്ക്കേണ്ടതാണ്.

❖ വീട്ടന്നീദ നടത്തുന്ന സ്ഥലത്ത് അരിയും വി.കുരിശും ഒരു പാത്രത്തിൽ വയ്ക്കേണ്ടതാണ്. മറ്റൊരു പാത്രം അന്നീദ ഇടുന്നതിന് വേണ്ടിയാണ് വയ്ക്കേണ്ടത്.

❖ വീട്ടന്നീദയ്ക്ക്  ലഭിക്കുന്ന പണം മരിച്ച വ്യക്തിയുടെ ഓർമ്മയ്ക്ക് വി. കുർബാനയ്ക്കും ഒപ്പീസിനായും പള്ളിയിൽ ഏൽപ്പിക്കേണ്ടതാണ്.

## ഞങ്ങളുടെ സ്നേഹമുള്ള
## അപ്പച്ചന്റെ പാവനസ്മരണയ്ക്ക്

**1 -ാം ചരമവാർഷികം**

**09-02-2022**



## പായിക്കാട്ട് മാത്യു മകൻ

ജനനം : 18 – 08 – 1957

# ജോസ്

മരണം : 09 – 02 – 2021

ഞാൻ നിങ്ങളിൽ നിന്ന് അകന്ന് പോയിയെങ്കിലും എന്റെ സ്നേഹം എന്നും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും. സ്വർഗ്ഗരാജ്യത്തിൽ നാം ഒരുമിക്കുന്നതുവരെ നിങ്ങളുടെ പ്രാർത്ഥനയിൽ എന്നേയും ഓർക്കണമേ.

സെ. റാഫേൽ യൂണിറ്റ്
പൂളാക്കൽ

എന്ന്
ദു:ഖാർത്തരായ കുടുംബാംഗങ്ങൾ



## മരിക്കാത്ത ഓർമ്മകളോടെ ഞങ്ങളുടെ
## പ്രിയപ്പെട്ട അമ്മയെയും
## മേഗി ചേച്ചിയെയും
## സ്നേഹത്തോടെ ഓർക്കുന്നു.





**കുണ്ടുകുളം കൊച്ചാപ്പു ഭാര്യ**

# മേരി

**ജനനം : 5-12-1926**
**മരണം : 26-08-2021**

**കുണ്ടുകുളം കൊച്ചാപ്പു മകൾ**

# മേഗി

**ജനനം : 24-11-1952**
**മരണം : 25-12-2021**



**സെൻ്റ് തേരാസ യൂണിറ്റ്,**
**പൊങ്ങണംകാട്**




## കുഞ്ഞിപൈതങ്ങളുടെ തിരുനാൾ

ഡിസംബർ 28 രാവിലെ 6:30 ന് വികാരി ഫാ.ഫ്രാൻസിസ് വാഴപ്പിള്ളിയുടെ മുഖ്യകാർമ്മികത്വത്തിൽ കുഞ്ഞിപൈതങ്ങളുടെ തിരുനാൾ വിശുദ്ധ കുർബാന നടന്നു. കുഞ്ഞുങ്ങൾക്ക് പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷയും തലയിൽ കൈവെച്ച് പ്രാർത്ഥനയും ഉണ്ടായിരുന്നു.

## തിരുനാൾ കൊടിയേറ്റം

ഡിസംബർ 31 വൈകിട്ട് 5:30 ന് ഇടവകാംഗം റവ. ഫാ.സതീഷ് പറത്തോട്ട് CMI മുഖ്യകാർമ്മികനായി ദിവ്യബലിയർപ്പിച്ചു. വർഷാരംഭ പ്രാർത്ഥനയും വർഷാവസാന പ്രാർത്ഥനയും നടന്നു. നവനാൾ ആരംഭിച്ചു.



നവനാൾ ദിനം ഏറ്റെടുത്തു നടത്തിയ ശ്രീ.ജോൺസൺ തോലത്ത് കുടുംബാംഗങ്ങൾ നിലവിളക്ക് തെളിയിച്ചു. ലദീഞ്ഞ്, നൊവേന എന്നീ തിരുകർമ്മങ്ങൾക്ക് ശേഷം 'തിരുനാൾ സപ്ലിമെൻറ് 2022' ജനറൽ കൺവീനർ ശ്രീ. ജോസ് കുണ്ടുകുളം വികാരിയച്ചന് നല്കുകയും, വികാരിയച്ചൻ കേന്ദ്ര സമിതി പ്രസിഡൻറ് ശ്രീ. വില്ലി ചിറ്റിലപ്പിള്ളിയ്ക്കു നൽകി പ്രകാശനം ചെയ്യുകയും ചെയ്തു. പള്ളി ചുറ്റി പ്രദക്ഷിണത്തിനു ശേഷം തിരുനാൾ കൊടികയറ്റം വികാരി ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി നിർവഹിച്ചു.



## സെക്കൻഡ് മിഡ് ടേം പരീക്ഷ

പൊങ്ങണംകാട് സെൻറ് മേരീസ് ഇടവക വിശ്വാസ പരിശീലന കേന്ദ്രത്തിലെ വിദ്യാർത്ഥികളുടെ സെക്കൻഡ് മിഡ്ടേം പരീക്ഷ 2022 ജനുവരി 2 നടന്നു.1,2 ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ഓൺലൈനിലൂടെ ചോദ്യ പരീക്ഷയായും 3,4,5,6,7 ക്ലാസ്സുകളിലെ കുട്ടികൾക്ക് ഓൺലൈനായി എഴുത്തുപരീക്ഷയുമാണ് ഉണ്ടായത്. 8, 9,10, 11,12, ACC വിദ്യാർഥികൾക്ക് പള്ളിയിലെ ക്ലാസ് മുറികളിൽ വെച്ച് ഓഫ്‌ലൈൻ ആയി ഉച്ചതിരിഞ്ഞ് എഴുത്തു പരീക്ഷ നടന്നു.

## അഭിനന്ദനങ്ങൾ

2020 –2021 വിശ്വാസ പരിശീലന വർഷത്തിൽ അദ്ധ്യാപകരുടെ ആപ്റ്റിറ്റ്യൂഡ് പരീക്ഷയിൽ ഇടവക തലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ശ്രീമതി നീന ജിതേഷ് ടീച്ചർക്ക് വികാരിയച്ചൻ പാരിതോഷികം നൽകി. 2018– 2021 ബാച്ചിൽ ACC പഠനം പൂർത്തീകരിച്ച് കാലിക്കറ്റ് സർവകലാശാല Christian chair ന്റെ ഡിപ്ലോമ കരസ്ഥമാക്കിയവർക്ക് സർട്ടിഫിക്കറ്റ് നൽകി അനുമോദിച്ചു.

2020 – 21 അദ്ധ്യായനവർഷത്തിൽ മികച്ച വിജയം കൈവരിച്ചവർക്ക് ക്യാഷ് അവാർഡ് നൽകി അനുമോദിച്ചു. 2020 – 21 വിശ്വാസപരിശീലനം വർഷത്തെ കാറ്റിക്കിസം സ്റ്റാറുകൾക്ക് വികാരിയച്ചൻ പാരിതോഷികം നൽകി അഭിനന്ദിച്ചു.

## ദനഹാ തിരുനാൾ



നവനാൾ ആറാം ദിനം വൈകിട്ട് 5:30 ന്റെ വി.കുർബാനയ്ക്കും മറ്റു തിരുക്കർമ്മങ്ങൾക്കു ശേഷം പള്ളിയുടെ മുൻപിൽ ഒരുക്കിയ പിണ്ടിയിലെ വിളക്ക് ഇടവകാംഗം ഫാ. അനീഷ് കൂനംപ്ലാക്കൽ തെളിയിച്ച് പ്രത്യക്ഷവൽക്കരണതിരുനാൾ ആചരിച്ചു.

## ജന്മദിനാശംസകൾ



ജനുവരി 7 ന് വികാരി ഫാ.ഫ്രാൻസിസ് വാഴപ്പിള്ളിയച്ചന്റെ 66–ാം ജന്മദിനം ആഘോഷിച്ചു. നവനാൾ എട്ടാം ദിനം ദിവ്യബലിയർപ്പിക്കാനായി വന്ന ഫാ. റെന്നി മുണ്ടൻ കുര്യന്റെ ദിവ്യബലിക്കുശേഷം വികാരിയച്ചൻ ബർത്ഡേ കേക്ക് മുറിച്ച് പരസ്പരം പങ്കുവച്ചു. ഫാ. റെന്നി മുണ്ടൻ കുര്യൻ വികാരിയച്ചന് ആശംസകൾ നേർന്നു.

## അമ്പ് വെഞ്ചിരിപ്പ്



ജനുവരി 7 വെള്ളിയാഴ്ച വൈകിട്ട് 5:30 ന്റെ വി.കുർബാനയ്ക്കുശേഷം ലദീഞ്ഞ്, നൊവേന, കൂടു തുറക്കൽ, അമ്പ് ആശീർവാദം, ഇലുമിനേഷൻ സ്വിച്ച് ഓൺ തുടങ്ങിയ തിരുക്കർമ്മങ്ങൾക്ക് ഫാ. റെന്നി മുണ്ടൻ കുര്യനോടൊപ്പം വികാരിയച്ചനും സംബന്ധിച്ചു.

## വൈദ്യുത ദീപാലങ്കാരം



ജനുവരി 7 ന് വൈകിട്ട് ഇലുമിനേഷൻ സ്വിച്ചോൺ കർമ്മം റവ. ഫാ.റെന്നി മുണ്ടൻ കുര്യൻ നിർവഹിച്ചു. ഇടവകയിലെ സി.എൽ.സി മക്കളുടെ ഒരാഴ്ച്ചത്തെ പരിശ്രമത്തിന്റെ ഫലമായി ഒരുക്കിയ ദീപാലങ്കാരം പള്ളിയും പരിസരവും ദീപപ്രഭയിൽ നയനമനോഹരമാക്കി. പൂക്കൾക്കൊണ്ട് അലങ്കരിച്ച അൾത്താര വളരെ ആകർഷകമായി. ദീപാലങ്കാരം കൂടുതൽ മികവുറ്റതാക്കാൻ ആവോളം പ്രയത്നിച്ച സി.എൽ.സി സംഘടനയ്ക്കും അൾത്താര ഡെക്കറേഷൻ ചെയ്ത സിസ്റ്റേഴ്സിനും വികാരിയച്ചൻ നന്ദിപറഞ്ഞു.ഇരുവർക്കും ഇടവകാംഗങ്ങൾ കരഘോഷം മുഴക്കി.

## അമ്പ് സമാപനം

ജനുവരി 8 ശനിയാഴ്ച രാവിലെ 8 ന് യൂണിറ്റുകളിലേയ്ക്ക് ആശീർവദിച്ച അമ്പ് വിതരണം ചെയ്തു. യൂണിറ്റുകളിൽ മുൻവർഷത്തെ പോലെ പ്രാർത്ഥന അമ്പ് നടന്നു. വൈകിട്ട് 7 നുള്ളിൽ 25 യൂണിറ്റുകളിലെയും അമ്പ് തിരിച്ചു പള്ളിയിൽ ഏൽപ്പിച്ചു. വൈകിട്ട് 5:30ന് റവ. ഫാ.ജോസഫ് വൈക്കാടന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന വി.കുർബാനയ്ക്കുശേഷം പള്ളിമുറ്റത്ത് 8 മണി വരെ ബാൻഡ് മേളം ഉണ്ടായിരുന്നു. പള്ളിയുടെ മുമ്പിലുള്ള റോഡിനിരുവശവും ബലൂണുകളും കളിക്കോപ്പുകളും വിൽക്കുന്ന കച്ചവടക്കാർ സ്ഥാനം പിടിച്ചു. ധാരാളം ആളുകൾ വൈകിട്ട് പള്ളിയിലെ ദീപാലങ്കാരം കാണുവാനും പള്ളിയ്ക്കുള്ളിൽ മുട്ടുകുത്തി പ്രാർത്ഥിക്കാനും നേർച്ചയിട്ട് വിശുദ്ധന്റെ അനുഗ്രഹം പ്രാപിക്കാനുമെത്തിയിരുന്നു. പുതുതായി പണികഴിപ്പിച്ച ബേമയും രൂപക്കൂടും വികാരിയച്ചൻ ശനിയാഴ്ച വെഞ്ചിരിച്ചു.

## തിരുനാൾ ദിനം



രാവിലെ 7ന് വികാരി ഫാ.ഫ്രാൻസിസ് വാഴപ്പിള്ളി ദിവ്യബലിയർപ്പിച്ചു. തിരുനാൾദിനകർമ്മങ്ങൾ കുണ്ടുകുളം പൊറിഞ്ചു ജോസ്, ബൈജു ആൻറണി കുടുംബാംഗങ്ങൾ ഏറ്റെടുത്തു നടത്തി.

രാവിലെ 10:30 ന് ആഘോഷമായ തിരുനാൾ പാട്ടു കുർബാനയ്ക്ക് റവ.ഫാ. ജിമ്മി എടക്കളത്തൂർ മുഖ്യകാർമികത്വം വഹിച്ചു റവ. ഫാ.ബിൽജു വാഴപ്പിള്ളി തിരുനാൾ സന്ദേശം നൽകി. ഇടവകാംഗം റവ. ഫാ.ജിയോ എടക്കളത്തൂർ

സഹകാർമ്മികത്വം വഹിച്ചു. കേരള വിഷൻ C.T.V ചാനലിൽ തിരുനാൾ കുർബാന ലൈവ് സംപ്രേഷണം ഉണ്ടായിരുന്നു. വിശുദ്ധ കുർബാനയ്ക്കുശേഷം പള്ളി ചുറ്റി പ്രദക്ഷിണം നടന്നു.

വൈകിട്ട് 4:30 ന്റെ വി.കുർബാനയ്ക്കു ശേഷം യൂണിറ്റ് അതിർത്തികളിൽ കൂടി കടന്നു പോയ വാഹന പ്രദക്ഷിണം സെ.ജോർജ് കരുവാൻ കാട്, ക്രൈസ്റ്റ് കിംഗ് മാറ്റാംപ്പുറം, സെ.മേരീസ് പൊങ്ങണംകാട് കപ്പേള കളിൽ നൽകിയ സ്വീകരണത്തിനുശേഷം വില്ലടം സെന്ററിൽ പോയി തിരികെ പള്ളിയിൽ പര്യവസാനിച്ചു. ശേഷം പള്ളി ഗ്രൗണ്ടിൽ ഫാൻസി വെടിക്കെട്ട് നടന്നു.

ജനുവരി 10 തിങ്കളാഴ്ച രാവിലെ 6: 30 ന് മരിച്ചവർക്കുവേണ്ടിയുള്ള വി. കുർബാനയ്ക്ക് വികാരി ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി കാർമികത്വം വഹിച്ചു.കുർബാനയ്ക്കു ശേഷം സെമിത്തേരിയിൽ പൊതു ഒപ്പീസ് നടന്നു.

**എട്ടാമിടം**


ജനുവരി 16 ഞായറാഴ്ച രാവിലെ 6 :30 വി.കുർബാനയ്ക്കുശേഷം വികാരി റവ. ഫാ.ഫ്രാൻസിസ് വാഴപ്പിള്ളി പ്രദക്ഷിണമായി വന്ന് തിരുനാളിന്റെ കൊടിയിറക്കി.

വൈകിട്ട് 5:30ന് കരുവാൻകാട് സെ.ജോർജ് കപ്പേളയിൽ വികാരിയച്ചൻ ദിവ്യബലിയർപ്പിച്ചു. ശേഷം നേർച്ച വിതരണം നടന്നു.





തയ്യാറാക്കിയത് :
**ഹാപ്പി ആനിയ്ക്കൽ.**



# സംഘടന വാർത്തകൾ

## (K. L.M) കേരള ലേബർ മൂവ്മെന്റ്.

കേരള ലേബർ മൂവ്മെന്റ് (K.L.M.) പൊങ്ങണംകാട് ഇടവകയിൽ 2014 ൽ പ്രവർത്തനമാരംഭിച്ചു. കോവിഡ് പശ്ചാത്തലത്തിനു മുൻപ് മാസത്തിൽ നാലാമത്തെ ഞായറാഴ്ച ആദ്യത്തെ കുർബാനയ്ക്കു ശേഷമായിരുന്നു മീറ്റിംഗ്. പ്രസിഡന്റ് ബിജു തൈക്കാടനും സെക്രട്ടറി വിത്സൺ ചൂണ്ടലും, ട്രഷറർ ജീസ് എസ് പനയ്ക്കലും ആയ സംഘടനയിൽ പുരുഷന്മാരും സ്ത്രീകളും അടങ്ങുന്ന നിർമ്മാണ തൊഴിലാളി വിഭാഗത്തിലും, ടൈലറിങ് വിഭാഗത്തിലും ഉള്ളവർ സജീവമായി പങ്കെടുക്കുന്നു. കോവിഡ് പശ്ചാത്തലത്തിൽ ഓൺലൈനായാണ് കാര്യങ്ങൾ ചർച്ച ചെയ്യുന്നത്. കോവിഡ് ധനസഹായമായ 1000 രൂപ ഗവണ്മെന്റിൽ നിന്നും ഏതാനും പേർക്ക് ലഭിച്ചു. തൃശ്ശൂർ അതിരൂപതയിൽ സംഘടനയുടെ മെമ്പർഷിപ്പ് ഉള്ള 42 പേർ മരണമടഞ്ഞിട്ടുണ്ട്. ഇവർക്ക് നിലവിലുള്ള മെമ്പർമാരിൽ നിന്നും 50 രൂപ വീതം പിരിച്ച് മരണഫണ്ട് അടക്കുവാൻ സാധിച്ചു. കേന്ദ്രഗവണ്മെന്റ് പദ്ധതിയായ ഇശ്രം പോർട്ടലിൽ സംഘടനയിലെ എല്ലാവരും രജിസ്റ്റർ ചെയ്തു.വിവാഹ ധനസഹായം, ഉപരിപഠനത്തിന് സ്കോളർഷിപ്പ്, മരണാനന്തര സഹായം, ഇൻഷുറൻസ് (അസുഖം വന്ന് ഹോസ്പിറ്റലിൽ അഡ്മിറ്റ് ആയതിന്റെ ഡോക്ടറുടെ സർട്ടിഫിക്കറ്റ് നല്കിയാൽ 30000 രൂപ വരെ ധനസഹായം) എന്നീ ആനുകൂല്യങ്ങളും സംഘടനയിലൂടെ ലഭിക്കുന്നു.മാസത്തിൽ 60 രൂപ വെച്ച് 1വർഷത്തെ വരിസംഖ്യ 2022 വർഷത്തിൽ അടക്കേണ്ടതായിട്ടുണ്ട്. ഓരോ അംഗവും ബാങ്കിൽ പൈസ അടച്ച രസീതും പുതുക്കുവാനുള്ള 130 രൂപയും സെക്രട്ടറിയുടെ കൈവശം ഏൽപ്പിക്കേണ്ടതാണ്. ആനുകൂല്യങ്ങൾ നഷ്ടപെടാതിരിക്കാൻ അംശാദായവും മരണസംഖ്യയും ഫെബ്രുവരി 28 നുള്ളിൽ പുതുക്കേണ്ട താണ്. ക്ഷേമനിധിയിൽ ചേരാൻ താല്പര്യമുള്ളവർ പ്രസിഡന്റ് ബിജു തൈക്കാടനുമായി ബന്ധപ്പെടുക.

**Mob:9544332002**

**വിവാഹ വാർഷിക ആശംസകൾ, ജന്മദിന ആശംസകൾ തുടങ്ങിയ എല്ലാ വിശേഷ അവസരങ്ങളും ഇടവക മരിയൻ വോയ്സിൽ നല്കൂ...**

**ബന്ധപ്പെടുക : 9846342782**

# വിശ്വാസ പരിശീലന വാർത്തകൾ

**1. വാർഷിക പരീക്ഷകൾ:**

2021-2022 വിശ്വാസപരിശീലന വർഷത്തെ വാർഷികപരീക്ഷകളുടെ തിയ്യതികൾ താഴെ ചേർക്കുന്നു. വാർഷിക പരീക്ഷകൾക്ക് വിദ്യാർഥികളെ ഒരുക്കുവാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ?

13/02/2022 - X,XIIACC ◆ 20/02/2022-I,III,V,VII,IX,XI ◆ 27/02/2022II,IV,VI,VIII



2. 20202021 വിശ്വാസപരിശീലന വർഷത്തിൽ അധ്യാപകരുടെ ആപ്റ്റിറ്റ്യൂഡ് പരീക്ഷയിൽ ഇടവക തലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ശ്രീമതി നീന ജിതേഷ് ടീച്ചർക്ക് ഇടവകയുടെ അഭിനന്ദനങ്ങൾ....



3. 2018-2021 ബാച്ചിൽ ACC പഠനം പൂർത്തീകരിച്ച് കാലിക്കറ്റ് സർവകലാശാല Christian chairന്റെ ഡിപ്ലോമ കരസ്ഥമാക്കിയവർക്ക് ഇടവകയുടെ അഭിനന്ദനങ്ങൾ...





4. 2020-2021 അദ്ധ്യായന വർഷത്തിൽ വിശ്വാസപരിശീലനത്തിൽ ക്യാഷ വാർഡിനർഹരായവർക്ക് ഇടവകയുടെ അഭിനന്ദനങ്ങൾ....



5. 2020-2021 വിശ്വാസപരിശീലന വർഷത്തെ കാറ്റിക്കിസം സ്റ്റാറുകൾക്ക് ഇടവകയുടെ അഭിനന്ദനങ്ങൾ....

6. 2021-2022 വിശ്വാസപരിശീലന വർഷത്തിൽ തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രി സംഘടിപ്പിച്ച ഓൺലൈൻ കലോത്സവത്തിൽ, രൂപത തലത്തിൽ പ്രോത്സാഹന സമ്മാനത്തിന് അർഹരായ നമ്മുടെ ഇടവകയിലെ Deon Nelson (Junior Instrumental Music- strings) , Isabel Maria P B (Junior Mono act) , Andriya Phelix (Senior Puthenpana), Amy M P(Sub junior single dance) എന്നിവർക്ക് ഇടവകയുടെ അഭിനന്ദനങ്ങൾ....




# കുട്ടിവര



HRIDHAYESH
6 A

ANN VINOY
6 D





KEVIN BIJOY
6 A



HELNA HAPPY
6 A

കൊച്ചു ചിത്രകാരൻമാരേ
ഇതിലേ... ഇതിലേ...





## Catechism corner



**ബൈജു സാവിയോ മാസ്റ്റർ**

**എന്തുകൊണ്ടാണ് സാർ ദൈവം ചിലരെ മാത്രം ഇങ്ങനെ സൃഷ്ടിച്ചത്?**

ഈയൊരു ചോദ്യം കേൾക്കുമ്പോൾ നമ്മൾ പലരും ചോദിക്കാറുള്ള ചോദ്യം ആയി തോന്നിയേക്കാം. എന്തുകൊണ്ടാണ് എനിക്ക് മാത്രം നിറം ഇല്ലാത്തത്, ഉയരമില്ലാത്തത് എന്നൊക്കെ. അതുപോലെ ചിലപ്പോഴൊക്കെ തോന്നി പോകാറുണ്ട് ദൈവത്തിന് പക്ഷപാതമുണ്ടെന്ന്. ഞാൻ പഠിപ്പിക്കുന്ന സ്കൂളിൽ എല്ലാ വർഷവും പന്ത്രണ്ടാം ക്ലാസ്സുകാരെ വർഷാവസാനം ഒരു ഫീൽഡ് ട്രിപ്പ് കൊണ്ടുപോകാറുണ്ട്. ഫീൽഡ് ട്രിപ്പ് എന്ന് കേൾക്കുമ്പോൾ നാം വിചാരിക്കും വണ്ടിയിൽ തുള്ളാനും ചാടാനും പാട്ടുപാടാനും മാത്രമുള്ള ഒരു അവസരമാണെന്ന്. എന്നാൽ അങ്ങനെയല്ല, അതിലൂടെ തങ്ങളുടെയും മറ്റുള്ളവരുടെയും ജീവിതാവസ്ഥ കൂടി ചെറുതായൊന്നു വിലയിരുത്താനും കൂടിയുള്ളതാണിത്. അതുകൊണ്ടുതന്നെ ഈ ട്രിപ്പ് ആതുരാലയങ്ങൾപോലെയുള്ള സ്ഥാപനങ്ങൾ ലക്ഷ്യമാക്കിയായിരിക്കും സംഘടിപ്പിക്കുക. ആ വർഷം പോയത് അത്താണിയിലെ പോപ്പ് പോൾ മേഴ്സി ഹോമിലേക്ക് ആയിരുന്നു. അവിടെയുള്ള അന്തേവാസികൾ മിക്കവാറും അംഗവൈകല്യങ്ങളോടുകൂടി ജനിച്ചവരാണ്.

അവരെല്ലാവരും സന്ദർശിച്ച് പുറത്തിറങ്ങിയപ്പോൾ ഞങ്ങളുടെ കൂട്ടത്തിൽ ഉണ്ടായിരുന്ന ഒരു പെൺകുട്ടി ഏങ്ങലടിച്ചു കൊണ്ട് കരഞ്ഞിട്ടാണ് വരുന്നത്. അത് കണ്ടപ്പോൾ ഞാൻ ആ കുട്ടിയോട് കാരണം തിരക്കി. അപ്പോൾ ആ കുട്ടി കരഞ്ഞു കൊണ്ട് എന്നോട് ചോദിക്കുകയായിരുന്നു. സാർ എന്തുകൊണ്ടാണ് ദൈവം ചിലരെ മാത്രം എല്ലാമുള്ളവരും എന്നാൽ മറ്റുചിലരെ ഒന്നുമില്ലാത്തവരും അംഗവൈകല്യമുള്ളവരുമൊക്കെയായി സൃഷ്ടിക്കുന്നത്? എന്തു മറുപടി പറയണമെന്നറിയാതെ ഞാൻ ഈശോയോട് ചോദിച്ചു. ഈശോ പെട്ടന്നു തന്നെ ഉത്തരം തരികയായിരുന്നു. അതായത് നമ്മിൽ പലരും എനിക്കെല്ലാമുണ്ടെന്നു കരുതി അഹങ്കരിച്ചും ദൈവവിചാരം പോലുമില്ലാതെ ജീവിക്കുന്നവരാണ്. എന്നാൽ എന്റെ കഴിവുകളും ആരോഗ്യവും ദൈവത്തിന്റെ ദാനമാണെന്നും എന്റെ സുഖസൗകര്യങ്ങൾക്കു വേണ്ടി മാത്രം ഉപയോഗിക്കുവാനുള്ളതല്ലായെന്നും കഴിവില്ലാത്ത വ്യക്തികൾക്ക് നമ്മളാൽ കഴിയുന്ന വിധം നമ്മുടെ ആരോഗ്യവും സമ്പത്തും വിനിയോഗിക്കണമെന്നും നമ്മെ ഓർമ്മപ്പെടുത്താനും അതു വഴി മാത്രമാണ് ഈശോയുടെ ഹിതം നിറവേറ്റി നമുക്കീ ഭൂമിയിൽ നല്ലൊരു ക്രിസ്തീയ ജിവിതം നയിക്കാൻ സാധിക്കുകയുള്ളൂവെന്നും കൂടി ഓർമ്മപ്പെടുത്തുകയാണ്. ഇതു കേട്ടപ്പോൾ അവൾ പതുക്കെ കണ്ണുകൾ തുടച്ച് ചെറുപുഞ്ചിരിയോടെ പറഞ്ഞു. ദൈവമേ നീ എത്രയോ കരുണയുള്ളവൻ. ഈ കരുണയുടെ മുഖം അപരനിൽ ദർശിക്കുവാൻ എന്നെ സഹായിക്കണമേയെന്ന് അവൾ പ്രാർത്ഥിച്ചു. പ്രിയ മക്കളെ തനിക്കെല്ലാമുണ്ടായിട്ടും ക്രിസ്തുവിന്റെ സ്നേഹത്തെ പ്രതി എല്ലാം ഉപേക്ഷിച്ച് ആതുരാലയങ്ങളിൽ ശുശ്രൂഷ ചെയ്യുന്നവരെ ഓർത്ത്, ഈശോയെ എന്നെയും നല്ലൊരു ക്രിസ്തീയ മാർഗ്ഗത്തിൽ ചരിക്കുന്ന വ്യക്തിയാക്കി മാറ്റണമേയെന്നു പ്രാർത്ഥിക്കാം.

# കൊച്ചുവർത്തമാനം



സി. ഫ്രാൻസി റോസ്
FSSE

ഈശോയിൽ എനിക്കേറ്റവും പ്രിയം നിറഞ്ഞ കുഞ്ഞുമക്കളെ,

രണ്ടു വലിയ പണമിടപാടു സ്ഥാനങ്ങൾ തമ്മിലുള്ള മത്സരം ഒടുവിൽ സിനിമാക്കഥയെയും വെല്ലുന്ന ക്ലൈമാക്സിലെത്തി. കൂട്ടിയും കിഴിച്ചും ഗുണിച്ചും ഹരിച്ചുമൊക്കെ നോക്കിയാലും കൊന്നവർക്കും കൊല്ലപ്പെട്ടവർക്കും നഷ്ടത്തിന്റെ കണക്കുമാത്രം ബാക്കിയായി. എതിരാളിയെ ഇല്ലായ്മ ചെയ്തുകൊണ്ട് പിടിച്ചു നിൽക്കാൻ ശ്രമിച്ചവർക്കാകട്ടെ ഉണ്ടായിരുന്നതുകൂടി നഷ്ടപ്പെട്ടു. സ്വത്തും പണവും മാത്രമല്ല, തങ്ങളുടെയും കുടുംബത്തിന്റെയും ജീവിതം തന്നെ ഇരുട്ടിലായി.

ഭൂമിയിൽ മനുഷ്യനെ ഏറ്റവും മോഹിപ്പിക്കുന്നതെന്താണെന്ന ചോദ്യത്തിനുള്ള ഉത്തരം ഒന്നുമാത്രം. പണം. എന്നാലോ, ഈ പണമോഹം വരുത്തിവയ്ക്കുന്ന ദുരന്തങ്ങളാവട്ടെ, എണ്ണിയാൽ തീരാത്തതും. സമ്പത്തിനു മുന്നിൽ രക്തബന്ധങ്ങളും സ്നേഹബന്ധങ്ങളും വിസ്മരിക്കപ്പെടുന്നു. പൊള്ളിക്കുമെന്നറിഞ്ഞിട്ടും ഇയ്യാംപാറ്റ കണക്ക് നമ്മൾ അതിലേയ്ക്കു പറന്നടുക്കുന്നു.

പണമില്ലാതെ ജീവിക്കാനാവില്ല. പക്ഷേ അതു ജീവിതത്തിന്റെ അടിസ്ഥാന മൂല്യമായാലോ. ആകാശത്തിനുകീഴെ എന്തും പണമുണ്ടെങ്കിൽ നേടാം എന്നു പറയുമ്പോൾ നമ്മൾ ഓർക്കണം നമുക്കു പുറത്തുള്ള കാര്യങ്ങൾക്കു മാത്രമേ പണം ഉപകരിക്കൂ എന്ന്. പണം കൊണ്ടു വാങ്ങാവുന്ന ഒന്നും ജീവനും ശരീരത്തിനും ഉപരിയല്ല.

ഇവിടെയാണ് യേശുനാമത്തിന്റെ ശക്തി പ്രകടമാകുക. ആകാശത്തിന് കീഴിൽ വേറൊരു നാമമില്ല. യേശുനാമമല്ലാതെ. മാനവന് ഈ ഭൂമിയിൽ രക്ഷ നേടിത്തരുന്ന നാമമാണ് - യേശുനാമം. വിശുദ്ധരെല്ലാവരും തന്നെ യേശുനാമത്തെ അങ്ങേയറ്റം സ്നേഹിക്കുകയും അതിൽ വിശ്വാസമർപ്പിക്കുകയും ചെയ്തിരുന്നവരാണ്. അതിനാൽ യേശുനാമം വിളിച്ചപേക്ഷിക്കുന്ന ശീലം കുട്ടികളായ നമുക്കും വളർത്തിയെടുക്കാം.

നമ്മുടെ ഓരോ പ്രവൃത്തിയും യേശുവിന്റെ സ്നേഹത്തെ പ്രതിചെയ്യുവാൻ പരിശ്രമിക്കുക. എങ്കിലേ, നമ്മുടെ ചിന്തയും പ്രവർത്തിയും കൃപകൾക്ക് യോഗ്യത നേടൂ. യേശുനാമത്താൽ വിശുദ്ധിയുടെ ഉന്നതതലത്തിലേക്ക് നമുക്കും എത്തിച്ചേരാം. അതിന് യേശുനാമം ആവർത്തിച്ചുരുവിടുന്ന സ്വഭാവത്തിനുടമയാകുക. ഇതിന് ഒരു തരത്തിലുള്ള ബുദ്ധിമുട്ടുമില്ല; നല്ല മനസ്സു വേണമെന്നു മാത്രം.



## മാമ്മോദീസ


1. മൂക്കുങ്കൽ ഡിജോ+റിയാ മകൻ ആദം (26-12-2021)
2. ചെറുവത്തൂർ വിജേഷ്+ഗോഡ്സി മകൾ എവ്‌ലിൻ റോസ് (26-12-2021)
3. ചാലിശ്ശേരി ബിബിൻ+ഐശ്വര്യ മകൻ ബെഞ്ചമിൻ (26-12-2021)
4. ചുങ്കത്ത് സോജോ+ദിവ്യ മകൾ ഇനിയ (26-12-2021)
5. പേരാമംഗലം ബിൻസൻ+ഷിമ മകൻ റയാൻ (28-12-2021)
6. പൊന്തേക്കൻ ലിന്റോ+റോസ്മി മകൾ ഇസ മരിയ(27-12-2021)
7. കുണ്ടുകുളം ജോമിഷ്+സ്റ്റെഫി മകൾ എദാനിയ(05-01-2022)
8. തേറാട്ടിൽ പയങ്കൻ ജോസഫ്+ബിൻസി മകൻ ജോഹാൻ(12-01-2022)
9. മാറോക്കി വിനു+സ്റ്റിൻസി മകൻ ഹാഡ്‌വിൻ (16-01-2022)



## നവ മിഥുനങ്ങൾ



1. പൊങ്ങണംകാട് പള്ളി ഇടവക ജോയി-ലിയോ മകൻ ലിജോയ് + പെരിഞ്ചേരി പള്ളി ഇടവക തളിക്കുളം ജിജോ-ഷൈനി മകൾ ജിനി മരിയ (30-12-2021)
2. പൊങ്ങണംകാട് പള്ളി ഇടവക തൊഴുത്തുംപറമ്പിൽ സ്റ്റാൻലി-സാലി മകൻ സച്ചിൻ + ചിറ്റിശ്ശേരി പള്ളി ഇടവക ആളൂക്കാരൻ ജോയ്-ജാൻസി മകൾ ജെസ്ന (26-01-2022)
3. പൊങ്ങണംകാട് പള്ളി ഇടവക വാഴപ്പറമ്പൻ ജോണി-റോസി മകൻ റിനോയ് + ചൊവ്വൂർ പള്ളി ഇടവക കുത്തോക്കാരൻ ജോയി-ഷാജി മകൾ ലയ(30-01-2022)



## സ്വർഗ്ഗീയ താരങ്ങൾ

1. കുണ്ടുകുളം കൊച്ചാപ്പു മകൾ മേഗി (69) സെ.തെരേസ യൂണിറ്റ് (25-12-2021)
2. കുറ്റിയാങ്കൽ ഫ്രാൻസിസ് മകൻ ബിനു (46) സെ.ലൂക്ക് യൂണിറ്റ്(23-01-2022)
3. ആലപ്പാടൻ അന്തോണി മകൻ ആൻഡ്രൂസ് (77) സെ.ഫ്രാൻസിസ് യൂണിറ്റ് (31-01-2022)


# ബൈബിൾ ക്വിസ്

## ഫെബ്രുവരി

**അപ്പസ്തോല പ്രവർത്തനങ്ങൾ അദ്ധ്യായം 6-10**

1. പ്രതിദിനമുള്ള സഹായ വിതരണത്തിൽ തങ്ങളുടെ വിധവകൾ അവഗണിക്കപ്പെടുന്നുവെന്ന് പിറുപിറുത്തത് ആര്?
2. എത്യോപ്യക്കാരനായ ഷണ്ഡൻ രഥത്തിലിരുന്ന് വായിച്ചിരുന്നത് എന്താണ്?
3. എവിടെ വെച്ചാണ് സാവൂളിന്റെ മേൽ ആകാശത്ത് നിന്ന് മിന്നലൊളി പതിച്ചത്?
4. എത്യോപ്യക്കാരനായ ഷണ്ഡന് സ്നാനം നൽകിയത് ആര്?
5. സാവൂൾ യേശുവിന്റെ സ്വരം ശ്രവിച്ചതിന് ശേഷം എത്ര ദിവസമാണ് അന്ധനായി കഴിച്ചുകൂട്ടിയത്?
6. 'എന്റെ നാമത്തെ പ്രതി എത്രമാത്രം അവന് സഹിക്കേണ്ടിവരുമെന്ന് ഞാൻ കാണിച്ചു കൊടുക്കാം'. ആർക്കാണ് സഹിക്കേണ്ടി വരിക?
7. ഐനയാസ് എത്ര വർഷമായി തളർവാതം പിടിപെട്ട് രോഗശയ്യയിലായിരുന്നു?
8. ലിദായിലെയും സാറോണിലെയും സകല ജനങ്ങളും കർത്താവിലേക്ക് തിരിയാൻ കാരണം?
9. 'തബിത്ത' എന്ന പേരിന്റെ അർത്ഥം?
10. പത്രോസ് ആരുടെ കൂടെയാണ് ജോപ്പായിൽ കുറെനാൾ വസിച്ചത്?

നവംബർ - ഡിസംബർ
ബൈബിൾ ക്വിസ് വിജയി.
**ആൽബിൻ ബൈജു**
സെ. സെബാസ്റ്റ്യൻ യൂണിറ്റ്,
പൊങ്ങണംകാട്





# ബൈബിൾ കലണ്ടർ



## ഫെബ്രുവരി 2022

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | **1**<br>ശ്ലീഹ<br>5:12–20<br>മത്താ<br>12:9–14 | **2**<br>ഗലാ<br>3:7–14<br>യോഹ<br>5:1–18 | **3**<br>റോമ<br>2:25–29<br>മത്താ<br>12:15–21 | **4**<br>1 കോറി<br>1:18–29<br>യോഹ<br>12:20–26 | **5**<br>എഫേ<br>4:25–32<br>മത്താ<br>6:5–15 |
| **6**<br>ലേവ്യ 4:13–21<br>ദാനി 9:1–9<br>കൊളോ 1:12–19<br>മാർക്കോ 2:1–12 | **7**<br>യൂദാ<br>1:20–25<br>മത്താ<br>9:9–13 | **8**<br>യാക്കോ<br>5:13–20<br>യോഹ<br>1:29–34 | **9**<br>1 പത്രോ<br>4:1–11<br>ലൂക്കാ<br>7:36–50 | **10**<br>3 യോഹ<br>1:1–8<br>ലൂക്കാ<br>15:1–10 | **11**<br>2 കോറി<br>4:1–6<br>മത്താ<br>5:13–19 | **12**<br>വെളി<br>7:11–17<br>യോഹ<br>7:32–39 |
| **13**<br>പുറ 16:13–21<br>1 രാജാ 19:1–8<br>1 കോറി 10:14–21<br>യോഹ 6:47–59 | **14**<br>1 കോറി<br>10:1–6<br>മത്താ<br>15:32–39 | **15**<br>1 കോറി<br>10:23–11<br>യോഹ<br>6:25–33 | **16**<br>ശ്ലീഹ<br>2:37–47<br>യോഹ<br>6:34–40 | **17**<br>1 കോറി<br>11:23–30<br>ലൂക്കാ<br>24:28–33 | **18**<br>2 കോറി<br>6:1–13<br>യോഹ<br>15:1–8 | **19**<br>ഹെബ്രാ<br>10:19–25<br>യോഹ<br>10:1–6 |
| **20**<br>ഉത്പ 49:22–26<br>ജറെ 23:1–4<br>1 പത്രോ 5:1–11<br>മത്താ 9:35–10:4 | **21**<br>ഹെബ്രാ<br>13:17–21<br>യോഹ<br>10:7–13 | **22**<br>1 പത്രോ<br>2:21–25<br>യോഹ<br>10:22–30 | **23**<br>1 കോറി<br>9:19–23<br>ലൂക്കാ<br>15:3–7 | **24**<br>ഹെബ്രാ<br>10:11–18<br>യോഹ<br>10:14–21 | **25**<br>വെളി<br>20:11–15<br>യോഹ<br>5:19–29 | **26**<br>1 കോറി<br>15:35–50<br>മാർക്കോ<br>12:18–27 |
| **27**<br>പുറ 24:12–18<br>പ്രഭാ 2:1–11<br>ഹെബ്രാ 2:10–18<br>യോഹ 4:1–13 | **28**<br>റോമ<br>12:1–8<br>മത്താ<br>21:28–32 | | | | | |


70-ാം പിറന്നാൾ
ജോസ് കുണ്ടുകുളം
കുണ്ടുകുളം ഫാമിലി
St. Thomas Unit, Villadam

അതിശയകരമായ ഒരു ദാമ്പത്യബന്ധം കെട്ടിപ്പടുക്കുന്നതിന്റെ
അർത്ഥമെന്താണെന്ന് നിങ്ങൾ ഞങ്ങൾക്ക് കാണിച്ചു തന്നു.
ഞങ്ങളുടെ പ്രിയപ്പെട്ട മാതാപിതാക്കൾക്ക് ഒരായിരം

# വാർഷികാശംസകൾ

## 50-ാമത്
## വിവാഹ വാർഷികം



## വർക്കി കെ.വി & മറിയാമ്മ വർക്കി

കൂനാനിക്കൽ ഹൗസ്
രാമവർമപുരം പി.ഒ. നെല്ലിക്കാട്

**മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ**

സെന്റ് സേവിയർ യൂണിറ്റ് നെല്ലിക്കാട്